## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 683**

**13.01.2021 ൽ മറുപടിയ്ക്ക്**

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

| ചോദ്യം<br>ശ്രീ ഐ. ബി. സതീഷ് | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| എ) കാട്ടാക്കട നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന് കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ ശാസ്താംപാറ ടൂറിസ്റ്റ് കേന്ദ്രത്തിൽ ഡെസ്റ്റിനേഷൻ ഡെവലപ്മെൻറ് ഓഫ് ശാസ്താംപാറ ഫേസ്-1 എന്ന പദ്ധതിക്ക് 98,36,097/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയായി വരികയാണ്. ശാസ്താംപാറ കേന്ദ്രീകരിച്ച് അഡ്വഞ്ചർ ടൂറിസം അക്കാഡമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ തുങ്ങാംപാറ എക്കോട്ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | ബി) തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട മാറനല്ലൂർ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന തുങ്ങാംപാറയേയും പെരുകുളത്തേയും ബന്ധിപ്പിക്കുന്ന ഇക്കോട്ടൂറിസം പദ്ധതിക്ക് 2019-20 ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തുകയും നടപ്പ് സാമ്പത്തിക വർഷം 20 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>ടി പദ്ധതിയുടെ ടൂറിസം സാധ്യതകൾ പരിശോധനാവിധേയമാക്കി ഒരു സമഗ്ര ഇക്കോട്ടൂറിസം പദ്ധതി റിപ്പോർട്ട് വിനോദസഞ്ചാര വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി ഭൂമി കൈമാറ്റത്തിനുള്ള നടപടികൾ ജില്ലാകളക്ടറുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**